ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ സന്താനപുഷ്ടിയുള്ളവനായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി വാഴുവാൻ നിയോഗിക്കപ്പെട്ടു. എന്നാൽ ദൈവത്തിന്റെ പരീക്ഷയിൽ മനുഷ്യൻ തോറ്റതു മൂലം ഭൂമി ശപിക്കപ്പെട്ടു. അന്നു ദൈവം ചെയ്ത വാഗ്ദത്തമായി സ്ത്രീയുടെ സന്തതി മൂവായിരം വർഷങ്ങൾ ക്കുശേഷം കന്യകമറിയയിൽ ഭൂജാതനായി. മരുഭൂമിയിലെ പരീക്ഷയിൽ യേശു ജയിച്ചു. തുടർന്ന് മനുഷ്യന്റെ പാപത്തിനും ശാപ ത്തിനും രോഗത്തിനും പരിഹാരവും നിത്യജീവന്റെ പ്രത്യാശയും കാൽവരിയാഗത്തിലൂടെയും ഉയിർപ്പിലൂടെയും യേശു നിവർത്തീകരിച്ചു. എന്നാൽ ഈ സത്യത്തെ ഗ്രഹിക്കുവാനോ, ഏറ്റെടുക്കുവാനോ മനസ്സില്ലാത്ത മനുഷ്യൻ നിമിത്തം, ഇന്നും പ്രകൃതിയിലൂടെ ലഭിക്കേണ്ട നന്മകൾക്ക് ദേശത്തു മുടക്കം വരുന്നു എന്ന് സത്യവേദപുസ്തകം വെളിപ്പെടുത്തുന്നു. എന്തുകൊണ്ട് മഴ നമ്മെ ചതിച്ചിരിക്കുന്നു?

**കാലാവസ്ഥാ വ്യതിയാനവും യിസ്രായേൽ ജനവും**

ദൈവം മോശെ മുഖന്തിരം യിസ്രായേൽ ജനത്തോട് ഇപ്രകാരം കല്പിച്ചു: നിന്റെ ദൈവമായ യഹോവയുടെ വാക്കു നീ ശ്രദ്ധയോടെ കേട്ടു ഞാൻ ഇന്നു നിന്നോട് ആജ്ഞാപിക്കുന്ന അവന്റെ സകല കല്പനകളും **പ്രമാണിച്ചു നടന്നാൽ** തക്കസമയത്ത് നിന്റെ ദേശത്ത് **മഴ തരുവാനും** നിന്റെ വേല ഒക്കെയും അനുഗ്രഹിപ്പാനും യഹോവ തന്റെ നല്ല ഭണ്ഡാരമായ ആകാശം തുറക്കും. പ്രമാണിച്ചു നടക്കാഞ്ഞാൽ ക്ഷയരോഗം, ജ്വരം (പനി), പുകച്ചൽ, അത്യുഷ്ണം, വരൾച്ച, വെൺ കതിർ, വിഷമഞ്ഞ് എന്നിവയാൽ യഹോവ നിന്നെ ബാധിക്കും. നീ നശിക്കും വരെ അവൻ നിന്നെ പിൻതുടരും, നിന്റെ തലയ്ക്കുമീതെയുള്ള ആകാശം ചെമ്പും നിനക്കു കീഴെയുള്ള ഭൂമി ഇരുമ്പും ആക്കും യഹോവ നിന്റെ ദേശത്തിലെ **മഴയെ പൊടിയും പൂഴിയും** ആക്കും (ആവ 28:1,12,15, 21-24). ഗൾഫ് മേഖല കളിലെ കാലാവസ്ഥയെ നിരീക്ഷിച്ചാൽ ഇതിന്റെ സത്യം മനസിലാക്കാവുന്നതേയുള്ളൂ.

**ശലോമോൻ രാജാവിന്റെ പ്രർത്ഥനയ്ക്കുത്തരം**

യിസ്രായേലിന്റെ ദൈവമായ യഹോവയുടെ നാമത്തിന് ആദ്യമായി ഒരു ആലയം പണിത ശലോമോൻ സർവ്വരുടേയും മുമ്പാകെ മുട്ടുകുത്തി ദീർഘമായ ഒരു പ്രാർത്ഥന നടത്തി (2 ദിന 6:12-24). അപ്പോൾ ദൈവസാന്നിദ്ധ്യം തേജസ്സോടെ ആലയ ത്തിൽ നിറഞ്ഞു. തുടർന്ന് അന്നു രാത്രിയിലാണ് യഹോവ ആ പ്രാർത്ഥനയുടെ മറുപടി ശലോ മോനു നൽകിയത്. അത് എന്തായിരുന്നു? **മഴ പെയ്യാതിരിക്കേണ്ടതിനു** ഞാൻ ആകാശം അടയ്ക്കുകയോ ദേശത്തെ തിന്നു മുടിക്കേണ്ടതിനു വെട്ടുകിളിയോടു കല്പിക്കയോ, എന്റെ ജനത്തിന്റെ ഇടയിൽ മഹാമാരി (മഞ്ഞപിത്തം, എലിപ്പനി, ഡങ്കിപ്പനി തുടങ്ങിയവ) വരുത്തുകയോ ചെയ്താൽ, എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ചു എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ **ദുർമാർഗ്ഗങ്ങളെ വിട്ടുതിരിയുമെങ്കിൽ** ഞാൻ സ്വർഗ്ഗത്തിൽ നിന്നു പാപം ക്ഷമിച്ചു അവരുടെ ദേശത്തിനു സൗഖ്യം

വരുത്തിക്കൊടുക്കും (2 ദിന 7:13, 14). അതെ, ദേശത്തിന്റെ സൗഖ്യം ദൈവജനമായ നമ്മുടെ മാനസാന്തരത്തിലൂടെയാണ് സംഭവിക്കുന്നത് എന്ന് ദൈവം പറയുന്നു.

**മഴയും മാലിന്യവും പകർച്ചവ്യാധിയും**

ബി.സി. എട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ യിസ്രായേൽ സമൃദ്ധമായ രാജ്യമായിരുന്നു. എന്നാൽ ജനത്തിന്റെ സ്ഥിതി, കപടഭക്തി, അസന്മാർഗീയത, ജീർണിച്ച നീതിന്യായ സംവിധാനം എന്നിവയായിരുന്നു. ദേശത്തിൽ പ്രാവാചകൻമാർ വ്യാജമായി പ്രവചിക്കുന്നവരും ദ്രവ്യാ ഗ്രഹികളുമാകുകയും പുരോഹിതന്മാർ വിട്ടുവീഴ്ച ചെയ്യുന്നവരുമായി തീർന്നപ്പോൾ ദൈവം ഒരു സാധാരണക്കാരനായ ആമോസിലൂടെ സംസാരിച്ചു. അതിൽ കാലാവസ്ഥയെക്കുറിച്ചും ദൈവം പറയുന്നു. ഞാൻ ഒരു പട്ടണത്തിൽ **മഴ പെയ്യിക്കുകയും** മറ്റെ പട്ടണത്തിൽ **മഴ പെയ്യിക്കാതിരിക്കുകയും** ചെയ്തു. നിങ്ങളുടെ പാളയങ്ങളിലെ **നാറ്റം** ഞാൻ നിങ്ങളുടെ മൂക്കിൽ കയറ്റുമാറാക്കി; **എന്നിട്ടും നിങ്ങൾ എങ്കലേക്കു തിരിഞ്ഞില്ല.** ...അതുകൊണ്ട് നിന്റെ ദൈവത്തെ എതിരേല്പാൻ ഒരുങ്ങികൊൾക (ആമോ 4:7-13). ഇന്നും ഇതല്ലേ സംഭവിക്കുന്നത്? മനുഷ്യ ദൈവങ്ങളിലേയ്ക്ക് തിരിയുന്നുവെങ്കിലും സത്യദൈവത്തിങ്ക ലേയ്ക്ക് തിരിയുന്നില്ല.

യിരെമ്യാ പ്രവാചകനിലൂടെയുള്ള ദൈവത്തിന്റെ അരുളപ്പാട് ശ്രദ്ധിക്കുക: മുന്മഴയും പിന്മഴയും ഇങ്ങനെ നമുക്ക് അതതു സമയത്ത് **വേണ്ടുന്ന മഴ** തരികയും കൊയ്ത്തിനുള്ള കാലാവധി പാലിച്ചു തരികയും ചെയ്യുന്ന നമ്മുടെ ദൈവമായ യഹോവയെ നാം **ഭയപ്പെടുക എന്നു അവർ ഹൃദയത്തിൽ പറയുന്നില്ല**. ഇവ മാറിപ്പോകുവാൻ നിങ്ങളുടെ അകൃത്യങ്ങൾ അത്രേ കാരണം. നിങ്ങളുടെ പാപങ്ങളാൽ **ഈ നന്മയ്ക്ക്** മുടക്കം വന്നിരിക്കുന്നു... **വിസ്മയവും ഭയങ്കരവുമായതു** ദേശത്തു സംഭവിക്കുന്നു. പ്രവാചകൻമാർ വ്യാജമായി പ്രവചിക്കുന്നു. പുരോഹിതന്മാരും അവരോട് ഒരു കൈയ്യായിനിന്ന് **അധികാരം** നടത്തുന്നു. എന്റെ ജനത്തിനോ അത് ഇഷ്ടം ആകുന്നു. എന്നാൽ ഒടുക്കം നിങ്ങൾ എന്തു ചെയ്യും? (യിരെ 5:24-31). ദൈവക്രോധ ദിവസത്തിൽ ദേശം **അശുദ്ധി നിറഞ്ഞതും മഴയില്ലാത്തതും** ആയിരിക്കുമെന്ന് യെഹസ്കേൽ പ്രവചിക്കുന്നു.(22:24)

**യേശുക്രിസ്തുവും കാലാവസ്ഥാ പ്രവചനവും**

താൻ പണിയുന്ന സഭയെ ചേർക്കുവാൻ വരുന്നതിനു മുൻപ് ദൈവമക്കൾക്ക് കഷ്ടകാലമായിരിക്കുമെന്ന് യേശുക്രിസ്തു മുന്നറിയിപ്പ് നൽകിയിട്ടുണ്ട് (മർ 13:19) വലിയ ഭൂകമ്പവും ക്ഷാമവും മഹാവ്യാധികളും **അവിടവിടെ** ഉണ്ടാകും. ആകാശത്തിന്റെ ശക്തികൾ ഇളകി പോകുന്നതിനാൽ (ഓസോൺ പാളികൾ ബലഹീനമായതിനാൽ) ഭൂലോകത്തിന് എന്തു ഭവിപ്പാൻ പോകുന്നു എന്ന് പേടിച്ചും **നോക്കിപാർത്തും** കൊണ്ട് മനുഷ്യർ നിർജീവന്മാരാകും (ലൂക്കൊ 21:11-26). യേശു ഇതു ആയിരത്തിതൊള്ളാ യിരം വർഷങ്ങൾക്കുമുമ്പ് പ്രസ്താവിക്കു മ്പോൾ കാലാവസ്ഥ പ്രവചിക്കുവാൻ ഇന്നത്തെ പോലുള്ള ശാസ്ത്രസാങ്കേതിക വിദ്യ വളർന്നിട്ടില്ല എന്ന വസ്തുത നാം അറിയണം.

യേശുക്രിസ്തു പറയുന്നു: നമ്മുടെ ഹൃദയം അതിഭക്ഷണത്താലും മദ്യപാനത്താലും ഉപജീവന ചിന്തകളാലും ഭാരപ്പെടുവാൻ ഇടയാകരുത്. കാരണം അത് സാത്താന്റെ വലിയൊരു കണിയാണ്. അത് ഇന്ന് ലോകം മുഴുവൻ സംഭവിച്ചിരിക്കുന്നു. അതുകൊണ്ട് ഇതൊക്കെ സംഭവിക്കുമ്പോൾ തന്നെ ഇതിൽ നിന്നെല്ലാം ഒഴിഞ്ഞുമാറിപ്പോകുവാനും യേശുക്രിസ്തുവിന്റെ മുമ്പിൽ വിശുദ്ധരും നിഷ്ക്കളങ്കരുമായി നിൽപ്പാനും പ്രാപ്തരാകുവാൻ എപ്പോഴും ജാഗ്രതയോടെ പ്രാർത്ഥിക്കുകയും ജീവിക്കുകയും ചെയ്യേണ്ടതാണ്. (ലൂക്കൊ 21:34-36) മുടന്തൻ ന്യായങ്ങളെ ഉപേക്ഷിച്ച് ദൈവത്തിങ്കലേയ്ക്ക് പൂർണ്ണഹൃദയത്തോടെ മടങ്ങി വരാം. കാണുന്ന കണ്ണും കേൾക്കുന്ന ചെവിയും തിരിച്ചറിയുന്ന ഹൃദയവും നമുക്ക് ഉണ്ടാകേണ്ടതിനായി മുട്ടിപ്പായി പ്രാർത്ഥിക്കാം.

യേശുക്രിസ്തു നമ്മെ ഭരമേൽപ്പിച്ചിരിക്കുന്ന പരമനിയോഗം (മത്താ 28:19-20) വിശ്വസ്തത യോടും വിശുദ്ധിയോടും തികെയ്ക്കാം. അതിനായി ദൈവവും പിതാവുമായവൻ യേശുക്രിസ്തു മുഖാന്തിരം നമ്മെ പരിശുദ്ധാത്മാവിൽ ശക്തീകരിക്കട്ടെ!

# വാർദ്ധക്യത്തിന്റെ തേങ്ങലുകൾ

*"This is the time I need him most"*- ഒരു 80 വയസ്സുകാരന്റെ ആനന്ദം. സർക്കാർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത്, ഭാര്യയുടെ മരണശേഷം, ബഹുനില സ്വന്തം കെട്ടിടത്തിൽ ഒറ്റയ്ക്ക് വസിക്കുന്ന ഒരു പിതാവിന്റെ വാക്കുകളാണിവ. എല്ലാമെല്ലാം ഉണ്ടായിട്ടും, ഏകപുത്രൻ നാട്ടിലെ ജോലി വിട്ടിട്ട് ഗൾഫിൽ കുടുംബസമേതം ജീവിക്കുന്നു. പെൻഷനുണ്ട്; മറ്റ് ആദായമുണ്ട്. പണത്തിന് ഒട്ടും പഞ്ഞവുമില്ല. എന്നാൽ ഏകാന്തത അനുഭവിച്ച് കഴിയുന്നു. സ്നേഹം പകരാൻ ആളില്ല. സ്നേഹം നൽകാനോ മക്കളോ, കൊച്ചുമക്കളോസമീപത്തില്ല. "ഈ വാർദ്ധക്യത്തിലേക്ക് എനിക്കവനേ ഏറ്റവും ആവശ്യം." ഒരു നെടുവീർപ്പോടെ അദ്ദേഹം പറഞ്ഞുവച്ചു.

മകന്റെ രണ്ടു വർഷത്തിലൊരിക്കലെ വരവും കാത്ത് കഴിയുകയാണീ സീനിയർ സിറ്റിസൺ. അപ്പന്റെ ഹൃദയാവസ്ഥ മകൻ തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ....

"ഇതൊക്കെ അനുഭവിച്ചാലേ
അവിടെയെത്താൻ കഴിയുകയുള്ളൂ"

ഈ വാക്കുകളിൽ വേദനയുടെ ലാഞ്ചനയുണ്ടെങ്കിലും ആത്മവിശ്വാസം കൈവിടാതെ ഈ 82കാരൻ ഭാര്യസമേതം സ്വയം നിർമ്മിച്ച മുന്ന് നില വീടിന്റെ ഒരു മുറിയിൽ ഒതുങ്ങിക്കൂടിയിരിക്കുകയാണ്. അതും രണ്ടാം നിലയിൽ. പടികയറുന്നതും മുറിയുടെ ഇടുക്കവും എല്ലാം ശ്വാസം മുട്ടിക്കുന്നുണ്ട്.

ഇരുവരുടെയും പെൻഷൻ ഒരു ആശ്വാസം. ചികിത്സയും മരുന്നും തുടർച്ചയായി വേണ്ടിവരുന്നു. പുത്രന്മാർക്ക് വിഭാഗിച്ചു നൽകിയ ഏകസ്വത്തായ വൻ കെട്ടിടത്തിന്റെ ഏറിയ ഭാഗവും മക്കൾ വാടകയ്ക്ക് നൽകിയിരിക്കുന്നു. ഇവർ രണ്ടുപേരും കെട്ടിടത്തിലെ മറ്റ് വാടകക്കാരുടെ അവസ്ഥയിലാണ് അവിടെ ക്ഷീണിതരായി കഴിഞ്ഞു കൂടുന്നത്.

മക്കൾ ആരെയെങ്കിലും മാതാപിതാക്കളെ തങ്ങളുടെ കൂടെ പാർപ്പിക്കാനുള്ള തിരിച്ചറിവിലേക്ക് വന്നെങ്കിൽ കൊള്ളായിരുന്നു എന്നാണ് തികച്ചും ഭക്തരായ ഈ വൃദ്ധ ദമ്പതികൾ ആഗ്രഹിക്കുന്നത്.

"പള്ളിയിലോ വെളിയിലെവിടെയെങ്കിലുമോ അവർ എന്നെ കൊണ്ടുപോയിരുന്നെങ്കിൽ..."

എട്ട് പതിറ്റാണ്ടോളം കഠിനാദ്ധ്വാനം ചെയ്ത് കുടുംബം പുലർത്തി ത്യാഗജീവിതം നയിച്ച ഒരു പിതാവിന്റെ ഹൃദയത്തിൽ നിന്നും ഉതിർന്ന വാക്കുകൾ. തന്നെത്താനെ പുറത്തിറങ്ങി എവിടെയെങ്കിലും പൊയ്ക്കളയുമോ എന്ന് വിചാരിച്ച് മുറിയും വീടും ഗേറ്റും അടച്ചിട്ട് സൂക്ഷിച്ചിരിക്കുകയാണ് ഈ പിതാവിനെ. ഒന്നിലധികം മക്കളുണ്ടെങ്കിലും വീട്ടിൽ കൂടെയുള്ളവർക്ക് ആർക്കും ശ്രദ്ധിക്കാൻ സമയമില്ല. ഭാര്യസമേതം ഈ ഭവനത്തിൽ തന്നെ ജീവിച്ചിരുന്ന കഴിഞ്ഞകാലം അദ്ദേഹം അയവിറക്കുന്നു. അക്കാലത്ത് വീടുമുഴുവൻ നിറഞ്ഞു നിന്ന ആളത്വം. ഇന്നിതാ നിസ്സഹായനാണ്. കൂട്ടിനോ കൂട്ടായ്മയ്ക്കോ ആരാരും ഇല്ലാത്ത അവസ്ഥ. ആൾക്കൂട്ടത്തിൽ ഏകാന്തത എന്നു വേണം പറയാൻ.

"ഇദ്ദേഹത്തെ ഏതെങ്കിലും അനാഥാലയത്തിൽ ആക്കിയിരുന്നെങ്കിൽ ഇതിലേറെ പരിചരണം കിട്ടുമായിരുന്നില്ലേ? ഇങ്ങനെയുമുണ്ടോ മക്കൾ'' എന്ന് ഇവരെ അറിയുന്നവർ പരിതപിക്കുന്നു.

''ഇവരുടെ ഇടയിൽ നിന്നും എത്രയും പെട്ടെന്ന് എന്നെ എടുക്കണേ

*(ശേഷം പേജ് 15ൽ....)*

# പരിഗണിക്കപ്പെടാത്ത വാർദ്ധക്യം



**–ഇ. എച്ച്. ഹെലൻ സാറാമ്മ,** റിട്ടേർഡ് സബ് രജിസ്ട്രാർ

“വാർദ്ധക്യവും നരയും ഉള്ള കാലത്തും എന്നെ ഉപേക്ഷിക്കരുതേ”(സങ്കീർത്തനം 71-18)എന്നു ദൈവത്തോടു പ്രാർത്ഥിക്കുന്ന പ്രാർത്ഥനയാണിത്. വാർദ്ധക്യം ദൈവത്തിന്റെ ദാനമാകുന്നു. പരിഗണിക്കപ്പെടാത്ത, എല്ലാവരും അവഗണിക്കുന്ന വാർദ്ധക്യത്തിൽ എങ്ങനെയെല്ലാം അവരെ പരിഗണിക്കുവാൻ നമുക്കു സാധിക്കും? **മാതാപിതാക്കൾ വൃദ്ധമന്ദിരത്തിൽ പാർക്കേണ്ടി വരുന്നത് അവരെ ഏറ്റെടുത്തു ശുശ്രൂഷിക്കുവാൻ മക്കൾക്കു താല്പര്യമില്ലാത്തതു മൂലമല്ലേ?** എന്നുള്ള വിഷയം ആസ്പദമാക്കി നമുക്കു പ്രതികരിക്കാതിരിക്കുവാൻ സാധ്യമല്ല.

ഒന്നാമതായി, നമ്മുടെ കുടുംബങ്ങളിൽ വൃദ്ധരായ മാതാപിതാക്കളെ എങ്ങനെ പരിഗണിക്കാം. മക്കളായ യുവജനങ്ങൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളാണ്. **“നിനക്കു നന്മ ഉണ്ടാകുവാനും ഭൂമിയിൽ ദീർഘായുസ്സോടെ കൂടെ ഇരിക്കുവാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക”**എന്നുള്ളത് വാഗ്ദത്തോടു കൂടിയ കല്പനയാണ്. നമ്മുടെ മാതാപിതാക്കളെ നമ്മൾ ബഹുമാനിക്കയും അനുസരിക്കുകയും അവരുടെ വാർദ്ധക്യസഹജമായ കാലഘട്ടങ്ങളിലും അവരെ നമ്മൾ പരിപാലിച്ച് നമ്മൾ സഹോദരങ്ങൾ ഐക്യത്തോടുകൂടെ യാതൊരു ഉദാസീനതയും കൂടാതെ മാതാപിതാക്കളെ ശുശ്രൂഷിച്ചതിൻ പ്രകാരം അവരിൽ നിന്നും അനുഗൃഹാശിസ്സുകൾ ലഭിച്ചതിനാൽ ദൈവം നമ്മെ തലമുറതലമുറയായി അനുഗൃഹിച്ചുകൊണ്ടിരിക്കുന്നു. **പക്ഷെ ഇപ്പോഴുള്ളവരിൽ പലരും വൃദ്ധരായ മാതാപിതാക്കളെ വൃദ്ധസദനങ്ങളിലും ഒറ്റയ്ക്കുമാണ് അവരെ പരിത്യജിക്കുന്നുത്. വാർദ്ധക്യസഹജമായ അസുഖങ്ങൾ വന്നാൽ പോലും വൃദ്ധരായ മാതാപിതാക്കളെ തിരിഞ്ഞു നോക്കുന്നില്ല.** മക്കൾക്കു വൃദ്ധരായ മാതാപിതാക്കളെ നോക്കുവാനും ശുശ്രൂഷിക്കുവാനുമുള്ള നിയമം സർക്കാർ തലത്തിലുണ്ട്. സ്വന്തമായി വരുമാനമില്ലാത്തവരുടെ ഗതി എത്ര പരിതാപകരമാണ്. സർക്കാർതലത്തിലും സഭാതലത്തിലും ഇതിനു ഒരു മുൻകരുതൽ നടപടി എടുത്തേതീരൂ. ഓമനിച്ചു ചോരനീരാക്കി വളർത്തി സർക്കാർ തലങ്ങളിലും മറ്റു ഉന്നതമായ സ്ഥാനങ്ങളിലും പണിചെയ്ത് അവസാനം സർവ്വീസിൽ നിന്നും വിരമിക്കുമ്പോൾ ലഭിയ്ക്കുന്ന Death cum Retirement Gratuity മുതലായ മറ്റു ആനുകൂല്യങ്ങൾ എല്ലാം മക്കൾക്കു കൊടുക്കണമെന്നുള്ള നിബന്ധനയൊന്നുമില്ല. മാതാപിതാക്കളെ സംരക്ഷിക്കുന്നവർക്കും അവരുടെ വാർദ്ധക്യത്തിൽ ശുശ്രൂഷിക്കുന്നവർക്കായി മാത്രമേ വസ്തു, മറ്റു Bank Deposit എന്നിവയെല്ലാം കാലശേഷം എന്നെഴുതി വയ്ക്കാവൂ. **പണത്തിനു മാത്രം മാതാപിതാക്കളെ വാർദ്ധക്യത്തിൽ ശുശ്രൂഷിക്കുന്ന മക്കളായി ഇപ്പോഴത്തെ യുവതലമുറക്കാർ മാറരുത്.** പെൺമക്കൾക്കു Share etc.. നൽകേണ്ടതാണ്. സ്വന്തമായി വരുമാനമില്ലാത്തവരെ മക്കൾ സംരക്ഷിക്കാതെ വൃദ്ധസദനങ്ങളിലും അനാഥാലയങ്ങളിലും ഉപേക്ഷിക്കുന്നതായി നമുക്കു കാണാവുന്നതാണ്. ആ സ്ഥിതി മാറ്റിയേ തീരൂ.

2. വൃദ്ധസദനങ്ങളിൽ ഉപേക്ഷിക്കുന്ന മക്കൾക്ക് എതിരെ സർക്കാർതലത്തിലും സഭാതലത്തിലും ഉള്ള ശിക്ഷാനടപടിക്കുള്ള നിയമം കൊണ്ടുവരേണ്ടതാണ്. വിധവമാരെ സംരക്ഷിക്കുന്ന നിയമം പ്രാബല്യത്തിൽ നടപ്പാക്കേണ്ടതാണ്.

3. നമ്മുടെ സഭയിലെ സീനിയർ സിറ്റീസൺസ് ഫെല്ലോഷിപ്പു വഴി വീടില്ലാത്ത വിധവയ്ക്ക് വീടു വച്ചു നൽകാൻ സാധിച്ചിട്ടുണ്ട്. ഇത്തരത്തിൽ നിരാലംബരായ മാതാപിതാക്കളെ സംരക്ഷിക്കുന്നതിനും അവരെ വൃദ്ധസദനങ്ങളിലും അനാഥാലയങ്ങളിലും വലിച്ചെറിയാതിരിക്കാനുള്ള സത്വര നടപടി നമ്മുടെ സഭയ്ക്കു ചെയ്യുവാൻ സാധിക്കും. **അതിനുവേണ്ടി വൃദ്ധരായ മാതാപിതാക്കൾ തങ്ങളുടെ മക്കൾക്കും ചെറുമക്കൾക്കും വേണ്ടി കണ്ണുനീരോടെ പ്രാർത്ഥിക്കണം.** മക്കൾ തങ്ങളുടെ മാതാപിതാക്കളെ വൃദ്ധമന്ദിരങ്ങളിൽ ഉപേഷിക്കുന്നതിലൂടെ അവരിൽ നിന്നും ശാപമായിരിക്കും ലഭിക്കുക. അനുഗ്രഹങ്ങൾ പ്രാപിക്കണമെന്നാഗ്രഹിക്കുന്നവർ തങ്ങളുടെ മാതാപിതാക്കളെ അന്ത്യകാലം വരെ സംരക്ഷിക്കുന്നവരായിരിക്കണം. *ഇങ്ങനെ തങ്ങളുടെ മാതാപിതാക്കളെ വൃദ്ധസദനങ്ങളിൽ ഉപേക്ഷിക്കാതെ അവസാനകാലം വരെ സംരക്ഷിക്കുന്നവർക്ക് മാതാപിതാക്കളിൽ നിന്നു മാത്രമല്ല സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹവും പ്രാപിച്ച് ജീവിതം അർത്ഥവത്താക്കാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ.*

---

*(**വാർദ്ധക്യത്തിന്റെ തേങ്ങലുകൾ....** തുടർച്ച)*

ദൈവമേ" – ബലഹീനയായി കിടപ്പിലായിരിക്കുന്ന ഒരു വൃദ്ധമാതാവിന്റെ ദീനരോദനമാണ് ഈ കേൾക്കുന്നത്. മക്കൾ ഉണ്ടല്ലോ, നോക്കാൻ എന്ന ചോദ്യത്തിന് "ഉള്ളതും ഇല്ലാത്തതും ഒരു പോലെ. എന്റെ മക്കൾ എന്നോട് മിണ്ടുന്നുപോലുമില്ല. അവർക്കെന്റെ പെൻഷൻ മാത്രം മതി. എന്നെ എടുത്തിരുത്താനോ സമയാസമയം തുണികൾ മാറ്റിത്തരാനോ എനിക്കാരുമില്ല. കൊച്ചുമക്കളുടെ സാന്നിദ്ധ്യമാണ് എന്നെ അല്പമെങ്കിലും ഉത്സാഹിപ്പിക്കുന്നത്. അവർക്കുമില്ലേ പള്ളിക്കൂടവും ട്യൂഷനും"

അവഗണനയിൽ കഴിയുന്ന ഈ ടീച്ചർക്ക് കുറെയധികം വിദ്യാർത്ഥി സമ്പത്തുണ്ടെങ്കിലും അവരാരും ഈ പഴയ ടീച്ചറെ സന്ദർശിക്കാറില്ല. ഇനി ആരെങ്കിലും വന്ന് കാണുന്നത് മക്കൾക്ക് ഒട്ടും ഇഷ്ടവുമല്ല. ദൈവാശ്രയം മാത്രമാണ് ഈ അമ്മയുടെ ഏക മുതൽ. പ്രിയന്റെ സന്നിധിയിലേക്ക് പോകാനുള്ള ഒരുക്കത്തോടും പ്രത്യാശയോടും കൂടെ ദുഃഖങ്ങൾ ആവോളം അടക്കി നാളുകൾ കഴിച്ചുകൂടുകയാണീ വിദ്യാസമ്പന്നയായ ടീച്ചർ അമ്മച്ചി.

***ഇത്തരക്കാർ നമ്മുടെ ചുറ്റുപാടുകളിലും കുറവല്ല. മുതിർന്ന പൗരന്മാർക്കിടയിൽ സഭാംഗമായി നാം വേണ്ടുവോളം ശുശ്രൂഷകൾ അർപ്പിക്കുമ്പോഴും സ്നേഹത്തിന്റെയും സാന്ത്വനത്തിന്റെയും സ്പർശമേൽക്കാത്ത അനേകർ ഇന്നും അനാഥത്വത്തിന്റെ ഇരുട്ടറയിൽ കഴിയുന്നു. നമ്മുടെ ഇളം തലമുറ മാതാപിതാക്കളോടുള്ള കടപ്പാട് നല്ലവണ്ണം ബോദ്ധ്യപ്പെട്ട് പ്രവർത്തിക്കാൻ ദൈവം സഹായിക്കട്ടെ...***

***എഡിറ്റർ***

# സഭ– ദൗത്യനിർവ്വഹണവും ശുശ്രൂഷയും

- ക്രിസ്സ്

ക്രിസ്തു കേന്ദ്രീകൃതവും തമ്മിൽ തമ്മിൽ ബന്ധപ്പെട്ടതുമായ ഒരു വിശാല കുടുംബമാണ് സഭ. നമ്മുടെ സഭകൾ സംവിധാനം ചെയ്തിട്ടുള്ള ഇടവകകൾ കേവലം സംഘടനകളായി തരംതാണു പോയിട്ടുണ്ടോ എന്നു നാം നിരന്തരം വിലയിരുത്തേണ്ടതാണ്. **കുടുംബം കഴി ഞ്ഞാൽ ഇടവകകളാണ് സഭയുടെ പ്രാഥ മിക ഘടകം.** ഒരുമയുള്ള ഒരു സംഘ മായി സഭ നിലനിൽക്കണം. ഒരു ആരാ ധന സമൂഹം എന്ന നിലയ്ക്ക് ദൈവാ നുഗ്രഹങ്ങളും ആശീർവാദങ്ങളും കരുണയും കരുതലും തിരിച്ചറിഞ്ഞ് സ്തുതിസ്തോത്രം അർപ്പിക്കുന്ന ഒരു കൂട്ടായ്മയാണ് ഇടവക. ഇതിനുള്ളിൽ പ്രകടമാകുന്ന സ്നേഹവും കരുതലും കണ്ടറിഞ്ഞ് സ്നേഹത്തിന്റെ ഉറവിടമായ ക്രിസ്തുവിങ്കലേക്ക് പുറത്തുള്ളവർ വന്നെത്തേണം. **ഇടവകക്ക് അകത്തും പുറത്തും ഉള്ളവർക്കുവേണ്ടി സഭയ്ക്ക് ദർശനവും കർമ്മപരിപാടികളും ഉണ്ടാ യിരിക്കണം.** സുവിശേഷം അനുഭവിക്കു ന്നതും അറിഞ്ഞിരിക്കേണ്ടതുമാണ് ഓരോ വിശ്വാസിയുടേയും കടപ്പാട്. **ശമ ര്യക്കാരന്റെ ഉപമയിലെന്നപോലെ നമ്മുടെ ഇടവകയുടെ പ്രാന്തപ്രദേശങ്ങ ളിൽ പാർക്കുന്നവർ സഭാജനങ്ങളുടെ സനേഹത്തിന്റെയും കരുതലിന്റെയും ജീവ കാരുണ്യപ്രവർത്തനങ്ങളുടെയും തലോടലിന് വിധേയരാകണം.** "ആക യാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിച്ചിട്ടും ഞാൻ നിങ്ങളോട് കൽപിച്ചതൊക്കെയും പ്രമാ ണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കുവിൻ" (മത്തായി 28:20). അങ്ങനെ യേശുവിന്റെ സാന്നിദ്ധ്യം നമ്മുടെ ചുറ്റുപാടുകളി ലെങ്ങും അനുഭവവേദ്യമായിത്തീരട്ടെ.

"**പിന്നിലുള്ളതൊക്കയും മറന്നുപോയീടാം മുന്നിലുള്ള ലാക്കിലേക്കു നേരെ ഓടിടാം**".

**ഇന്നത്തെ മിക്ക സഭകളിലെയും ഞായർ ആരാധനകൾ കേവലം ഒരു പാരമ്പര്യമായോ ചടങ്ങായോ പരിപാടി യായോ തീർന്നിരിക്കുകയാണ്.** വീണ്ടും ജനനം പ്രാപിക്കുക, രക്ഷപ്പെടുക, മാന സാന്തരപ്പെടുക, ആത്മാവ് പ്രാപിക്കുക, വിശുദ്ധജീവിതം നയിക്കുക എന്നൊക്കെ സഭാരാധനയിൽ പ്രസംഗിക്കാനോ പഠി പ്പിക്കാനോ വിമൂഖത കാട്ടുന്ന പട്ടക്കാ രെയും ഇടയന്മാരെയും ശുശ്രൂഷക രെയും കൊണ്ട് സഭകൾ നിറഞ്ഞിരിക്കു ന്നു. കക്ഷിയും ഗ്രൂപ്പും അനുസരിച്ചുള്ള സ്ഥലം മാറ്റങ്ങൾ, സ്വന്തം ആസ്തിയും വരവുമുള്ള സഭകൾ ലഭിക്കാനുള്ള വ്യഗ്ര ത, കുടുംബജീവിതത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും യോജിച്ച പ്രദേശ ങ്ങൾ നോക്കി പാലായനം ചെയ്യുന്നതും നേതൃത്വത്തിലായിരിക്കുന്നവരെ പ്രീണി പ്പിച്ച് സ്ഥാനമാനങ്ങൾ കരസ്ഥമാ ക്കുന്നതിലും ഒക്കെയാണ് ഇന്നത്തെ ബഹുഭൂരിപക്ഷം അൽമായർക്കും അച്ച ന്മാർക്കും പാസ്റ്റർമാർക്കും ഏറെ ഇഷ്ടം. "എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികെക്കുന്നതു തന്നെ എന്റെ ആഹാരം"(യോഹന്നാൻ 4:34) എന്ന് യേശുകർത്താവ് പ്രസ്താവി ച്ചത് നമുക്ക് എല്ലാവർക്കും മാതൃകയാ യിരിക്കട്ടെ. എല്ലാവരെയും സുഖിപ്പി ക്കാൻ ശ്രമിക്കുന്ന പ്രസംഗശൈലി വിട്ട് കർത്തൃദാസന്മാർ യേശു ശൈലി സ്വീക രിക്കണം."അവൻ ... തിരുവെഴുത്തുകളെ

തെളിയിക്കുമ്പോൾ നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തികൊണ്ടിരുന്നില്ലയോ എന്ന് അവർ തമ്മിൽ തമ്മിൽ പറഞ്ഞു"(ലൂക്കോസ് 24:32). ഈ അനുഭവം ഉളവാക്കുന്നതുപോലെ ആയിരിക്കണം സഭകളിലെ വചനഘോഷണം.

**സുവിശേഷഘോഷണത്തിനായി വിളിക്കപ്പെട്ടിരിക്കുന്ന ക്രിസ്തീയ സഭ പാളം തെറ്റിയ റെയിൽപോലെ യാത്ര ചെയ്തുകൊണ്ടിരക്കുന്നു.** എല്ലാ സഭകളും നേരിട്ട് മിഷണറി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നില്ല. എന്നാൽ ഇത് നടത്തിപ്പോരുന്ന സഭകൾ പോലും അഞ്ചോ പത്തോ സെന്റ് സ്ഥലം വാങ്ങി, ഒരു മിഷൻ സെന്റർ സ്ഥാപിച്ച് ഒരു നഴ്സറിയും, ഒരു പകൽവീടും, ഉച്ചഭക്ഷണ വിതരണവും സാമൂഹ്യവികസനവുമാണ് സുവിശേഷീകരണം എന്ന മിഥ്യാവിചാരത്തിൽ ഇരുട്ടിൽ തപ്പുകയാണ്. എല്ലാവരും വീണ്ടും ജനനം പ്രാപിച്ച് രക്ഷിക്കപ്പെട്ട് ആത്മീകമായി വളർന്ന് ദൈവവചനത്തിന്റെ ശക്തിയും സ്വാധീനവും അനുദിനജീവിതത്തിൽ ആസ്വദിച്ച് അനുഭവിച്ച് സാക്ഷികളായിരിക്കണമെന്ന തിരിച്ചറിവിലേക്ക് സഭകൾ മടങ്ങിവന്നേ മതിയാകൂ. **സുവിശേഷത്തിന്റെ സ്വാധീനവും, യേശുവിന്റെ നാമത്തിലുള്ള വിടുതലും അന്ധകാരശക്തികളുടെ മേലുള്ള വിജയവും മനസ്സിലാക്കാനുള്ള ആത്മീയ പക്വതയില്ലാത്ത നേതൃത്വവും പ്രവർത്തകരുമാണ് ഇന്നത്തെ മിക്ക സഭകളിലും നിലവിലുള്ളത്.** ഈ ദുഃസ്ഥിതിക്ക് മാറ്റം സംഭവിക്കണം. സുവിശേഷത്തിന്റെ ശക്തി അനുഭവവേദ്യമാകുന്ന വേദപഠനവും പ്രാർത്ഥനയുടെ ഒരുക്കവും പരിശീലനവും സഭകളിൽ സംജാതമാകണം. "കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു" (അ.പ്ര. 2:47). ഇതാണ് ആദിമസഭയുടെ അനുഭവം.

ഓരോ വിശ്വാസിക്കും ആത്മീയ മുന്നേറ്റം അനിവാര്യമാണ്. അന്ധകാരശക്തികളോടുള്ള പോരാട്ടത്തിൽ ഓരോ ക്രിസ്തുവിശ്വാസിയും പങ്കുചേരണം. ദേശത്തിന്റെ വിടുതലിനും അനുഗ്രഹത്തിനുമായി സഭ ഒന്നടങ്കം ഉപവസിച്ച് പ്രാർത്ഥിക്കണം. **എത്രതന്നെ ആത്മീക വളർച്ച പ്രാപിച്ചാലും സ്വന്തം സഭയിൽ അംഗത്വം നിലനിർത്തുകയും ഇടവക അംഗങ്ങളുടെ ആത്മീക ഉണർവ്വിനും പുതുക്കലിനും സജീവമായി പ്രവർത്തിക്കുകയും വേണം.** യേശുക്രിസ്തു തന്റെ പരസ്യശുശ്രൂഷയിലൂടെ നിറവേറ്റിയ ആരാധന ശൈലി, സമർപ്പണം, ഭൂതോഛാടനം, അന്ധകാരശക്തിയോടുള്ള ആത്മീയ പോരാട്ടം എന്നിവയിൽ ദൃഢമായി വിശ്വസിക്കുകയും സ്വജീവിതങ്ങളിൽ പ്രായോഗികമാക്കുകയും ചെയ്യേണ്ടതാണ്. യഥാർത്ഥ മാനസാന്തരത്തിലൂടെ പാപക്ഷ ലഭ്യമായി, ക്രിസ്തുവിൽ പുതു സൃഷ്ടിയായി, പരിശുദ്ധാത്മാവിന്റെ ഭരണത്തിലും അധിവാസത്തിലും നിയന്ത്രണത്തിലുമുള്ള ജീവിതമാണ് ക്രിസ്തു സംഭാവന ചെയ്യുന്ന ആത്മീയ ജീവിതം. പരിശുദ്ധാത്മാവിനാലല്ലാതെ യേശുവിനെ കർത്താവ് എന്ന് ആർക്കും ഏറ്റുപറയാൻ കഴിയുകയില്ല (1 കൊരി 2:3).

**നമ്മുടെ ആത്മീയ ജീവിതം എങ്ങനെയുണ്ട്? ക്രിസ്തീയ സമർപ്പണം എങ്ങനെയായിരിക്കണം? മിഷനറി ദർശനളിൽ നാം എവിടെ നിൽക്കുന്നു?** സഭയുടെ സർവ്വതോന്മുഖ വളർച്ചയിൽ നാം എത്രമാത്രം പങ്കെടുക്കുന്നു. സുവിശേഷഘോഷണം എന്നത് ഒരു നിർദ്ദേശമല്ല, കല്പനയാണ് എന്ന് വ്യക്തമായി ബോധ്യപ്പെട്ടുകൊണ്ട് ദൈവരാജ്യത്തിന്റെ ശുശ്രൂഷ ദൈവത്തോടൊപ്പം ഈ ലോകത്തിൽ നമുക്ക് കാഴ്ച വയ്ക്കാൻ ഒരുങ്ങാം.

## "ദൂരെ മാ ദൂരെ കൊടുങ്കാറ്റും" (വിവ. സാറാ ബനഡിക്ടാ ആൽഫ്രഡ്)
## Far Far Beyond the Storms - Fanny Crosby

ഒൻപതിനായിരത്തിലധികം ഗാനങ്ങൾ രചിച്ച ഫാനി ക്രോസ്ബി എന്ന അന്ധയായ വനിത അമേരിക്കയിലെ ന്യൂയോർക്കിനടുത്തുള്ള ഒരു ഗ്രാമത്തിലാണ് ജനിച്ചത്. ഗാനങ്ങൾ രചിക്കുന്നതിൽ ഫാനി അത്യധികം ആനന്ദം കണ്ടെത്തിയിരുന്നു. മിക്ക ഗാനങ്ങളും രാത്രിയിലെ നിശബ്ദതയിലാണെഴുതിയിരുന്നത്. അവരുടെ കവിത രചനാ നിഗൂഢമായ ആത്മവിവശതയുമായി ബന്ധപ്പെട്ടിരിക്കുന്നു. നിശബ്ദ ദൈവവുമായി ഗാഢസംസർഗ്ഗത്തിലായിരിക്കുമ്പോൾ സ്വർഗ്ഗീയ ഗായകസംഘങ്ങളുടെ അഭൗമിക സംഗീത സമന്വയം ശ്രവിക്കുന്നു. ക്രിസ്തുവിന്റെയും വിശുദ്ധന്മാരുടെയും ദൂതന്മാരുടെയും സാന്നിദ്ധ്യവും സാമീപ്യവും മാത്രമല്ല സ്നേഹിതരായും പ്രിയപ്പെട്ടവരായും മറുകരയിൽ എത്തിച്ചേർന്നവരുടെ സംസർഗ്ഗവും അനുഭവിച്ചറിയുന്നത്രേ. ഈ നിർവൃതിയിൽ ഗാനവരികൾ ഉരുവാകുന്നു.

തന്റെ ജീവിതത്തിന്റെ മദ്ധ്യാഹ്നശേഷം മാതാവിന്റെ നിര്യാണത്തെത്തുടർന്ന് ഫാനി ഒരു ദർശനം കണ്ടു. അവരുടെ മാതാവ് നദിക്കക്കരെ നിന്ന് (Far Far beyond the storms) അവളോടു സംസാരിക്കുന്നു. അന്നു രാത്രി ഫാനിയുടെ മനസ്സുലുണ്ടായ ചലനം, ഭാവിജീവിതത്തെപ്പറ്റി, നദിക്കക്കരെയുള്ള ശോഭയേറും നിത്യവീടിനെപ്പറ്റിയെഴുതുന്നതിന് പ്രേരിപ്പിച്ചു.

*"There shall sorrow, pain and parting grieve our hearts no more*
*Soon soon we'll meet beyond the river safe on the Home land shore"*

ദുഃഖമില്ല, കണ്ണീരില്ല, വേദനയില്ല, വേഗം നാം ചെന്നു ചേർന്നീടുമെ ആനന്ദവീട്ടിലെ എന്നിങ്ങനെയുള്ള പല്ലവിയോടെ (*chorus*) നാലു ചരണങ്ങൾ രചിച്ചു. സാങ്കിയുടെ ഗാനസമാഹാരത്തിൽ ചേർത്തിട്ടുള്ള

*" Far, Far beyond the storms that gather*
*Dark o'er our way*
*There shines the light of joy eternal*
*Bright in the realms of day*

എന്നു തുടങ്ങുന്ന ഈ ഗാനം മലയാളത്തിലക്ക്

1. ദൂരെ, മാ ദൂരെ കൊടുങ്കാറ്റും
   പാത ഇരുൾ
   ശോഭിച്ചീടും നിത്യവീടതെ
   പ്രകാശദീപമാം
   ദുഃഖമില്ല, കണ്ണീരില്ല, വേദനയില്ല
   വേഗം നാം ചെന്നു ചേർന്നീടുമെ
   ആനന്ദവീട്ടിലെ
2. ദൂരെ, മാ ദൂരെ തിരമാല
   അപ്പുറം നാം
   സ്നേഹം നിറഞ്ഞ മാ പ്രദേശം
   ദർശിക്കും വേഗത്തിൽ - ദുഃഖ
3. ദൂരെ, മാ ദൂരെ നിഴലിൻ കീഴ്
   മുൻ സ്നേഹിച്ചോർ
   കണ്ടാനന്ദിച്ചീടും വേഗത്തിൽ
   ആനന്ദ വീട്ടിലെ - ദുഃഖ
4. ഖേദമോ താപമോ അങ്ങില്ല
   സന്തോഷ നാൾ
   ആശ്വാസപ്രദനാം എൻ യേശു
   കണ്ണീർ തുടച്ചിടും - ദുഃഖ

എന്നിങ്ങനെ അർത്ഥപുഷ്ടിയോടെ വിവർത്തനം ചെയ്തിട്ടുള്ളത് സാറാ

ബെനഡിക്ടാ ആൽഫ്രഡ് ആണ്. ഇവർ മുൻകാല പ്രമുഖ വൈദികനായ റവ. തെയോഫിലസ് വില്യം റസാലം അച്ചന്റെ പുത്രിയായി 1904-ൽ ജനിച്ചു. 1930-ൽ റവ. എസ്. ആൽഫ്രഡ് (പ്രശസ്ത പട്ടക്കാരൻ) വിവാഹം ചെയ്തു. ബാല്യകാലം മുതൽ തന്നെ സംഗീതത്തിലും സംഗീതോപകരണങ്ങളിലും പരിശീലനം ലഭിച്ച സാറ, സഭയിലും മറ്റും പാട്ടുകൾ പഠിപ്പിക്കുന്നതിനും തനിക്കു ലഭിച്ച താലന്തുകൾ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്ത് സഭാശുശ്രൂഷയിൽ തന്റെ പതിക്ക് കൈത്താങ്ങായി സഹായിച്ചിരുന്നു. പല ഗാനങ്ങളും മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുള്ള എസ്. ബി.ആൽഫ്രഡ് സ്ത്രീകളുടെ സഖ്യത്തിലും ഗായകസംഘങ്ങളിലും കുഞ്ഞുങ്ങൾക്കിടയിലെ ശുശ്രൂഷയിലും ശുഷ്കാന്തി കാണിച്ചിട്ടുണ്ട്. നമ്മുടെ സഭയിൽ സ്തുത്യർഹമായ പട്ടത്വ ശുശ്രൂഷ നിർവ്വഹിച്ച ആൽഫ്രഡ് അച്ചനോടൊപ്പം കൊച്ചമ്മ വിവിധ സംഘടനകളിൽ മികച്ച സേവനവും നേതൃത്വവും നൽകിയിട്ടുണ്ട്.

"നേരം വേഗം വൈകിടും ഭൂവിൽ വേല തീർന്നിടും"എന്നു തുടങ്ങുന്ന ഗാനം എസ്.ബി. ആൽഫ്രഡ് കൊച്ചമ്മ വിവർത്തനം ചെയ്ത മറ്റൊരു ഇഷ്ടഗാനമാണ്.

ഈ ഗാനത്തിനുരൂപമായ ഈണം പകർന്നിട്ടുള്ളത് ഒരു സഭാസംഗീതജ്ഞനായ എസ്.സി.ഫോസ്റ്റർ ആണ്.

"അവർ ആനന്ദവും സന്തോഷവും പ്രാപിക്കും. ദുഃഖവും നെടുവീർപ്പും ഓടിപ്പോകും" (യെശ. 3:10)

---

# സണ്ടേസ്കൂൾ വാർത്തകൾ

### *YMCA Inter-Sunday School Competition*

തിരുവനന്തപുരത്തെ 15 സണ്ടേസ്കൂളുകളെ പങ്കെടുപ്പിച്ചുകൊണ്ട് *YMCA* നടത്തിയ *Inter-Sunday School* കലാമത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ നേടി നമ്മുടെ സണ്ടേസ്കൂൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

### *District Sunday School കലാമത്സരങ്ങൾ*

ഈ വർഷത്തെ ഡിസ്ട്രിക്ട് തല കലാമത്സരങ്ങളിൽ 173 പോയിന്റുകൾ നേടി നമ്മുടെ സണ്ടേസ്കൂൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

### *നോട്ടീസ് ബോർഡ്*

സണ്ടേസ്കൂളിന്റെ ഉപയോഗത്തിനായി റ്റി.ജെ.എം. ഹാൾ പരിസരത്ത് സ്ഥാപിച്ച നോട്ടീസ് ബോർഡ് റവ. സി.ആർ. വിൻസെന്റ് പ്രതിഷ്ഠിക്കുകയുണ്ടായി.

### *ഏരിയാ ലെവൽ കോംപറ്റീഷൻ*

ഡിസ്ട്രിക്റ്റ്തല മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവർക്കുള്ള ഏരിയാ തല മത്സരങ്ങൾ 25-8-2012, ശനിയാഴ്ച ദിവസം നടത്തപ്പെട്ടു.

### *സണ്ടേസ്കൂൾ ഫാൻസി സെയിൽ - 2012*

സണ്ടേസ്കൂൾ ഫാൻസി സെയിൽ - 2012 ആഗസ്റ്റ് 8-ാം തീയതി ഞായർ രാവിലെ 10 മുതൽ റ്റി.ജെ.എം. ഹാളിൽ വച്ച് നടത്തപ്പെടുന്നതാണ്.

## CIRCLE PRAYERS FOR AUGUST 2012

If you want us to arrange circle prayers in September or October kindly inform one of the presbyters by **19th August.**

| | | | |
|---|---|---|---|
| 3/8/2012 Friday | 1527 | Maj. Franklin Jose | Thirumala |
| | 1456 | Mr. Reji Titus | Kamaleswaram |
| 7/8/2012 Tuesday | | Regional Pastors Koinonia | |
| 10/8/2012 Friday | 1083 | Mrs. Dolly Bai John | Kripa Bhavan, Jai Nagar, Thirumala |
| | 751 | Punnose T | Pullaikonam Lane II, Sasthamangalam |
| 14/8/2012 Tuesday | | Doicesan council | |
| 17/8/2012 Friday | 2015 | Mr. P Chella Thankom | EVRA, C Block 43 (3) Elippode, Market Jn Thirumala |
| | 1413 | Mr. M Devads | APRA 26, Arappura lane , Kannammola |
| | 1000 | M. Ambrose | H N B.2, Ravi Nagar, Ambalamukku |
| 21/8/2012 Tuesday | 921<br>1067 | Dr. Samuel Devadas<br>Mrs. Susan Edward | Bain's Compound, Nanthancode<br>UG 39, Ulloor Gardens, Ulloor |
| 24/8/2012 Friday | 1335 | Mr. A. Dennison | Gandhariamman koil Road Thycaud |
| | 1226 | Er. Lal Jayakumar | NCRA 52, YMR, Nanthancode |
| 28/8/2012 Tuesday | | Onam | |
| 31/8/2012 Friday | | Onam | |
| 4/9/2012 Tuesday | 846 | Mr. R Viswanathan | No. 46, PTP Nagar |
| | 1222 | Mr. David Livingstone, | L MS Nagar, Muttada |
| | 1559 | Er. Ajithkumar | Geolil, ARA 24, Devaswam Board Jn |
| 7/9/2012 Friday | 1071 | Mr. J Retnarajan | Planthoppu Lane, Charachira |
| | 1698 | Er. Binil Das | YMR Jn, Nanthancode |
| | | Mr. J Binu Johnson, | Lovely Hill, Dr. V S Road, Chakka, Beach P.O. |

In Fond Memory of



**Dr. N. BALSALAM** M.S., F.S.C.S.

Retd. Vice Principal, Medical College, Trivandrum

**23.04.1925 - 06.08.2011**

**By Mrs. Nirmala Balsalam & Sorrowing Family**

"O taste and see that the LORD is good: blessed is the man that trusteth in Him" Psalms 34:8

Mr. N. Yohannan, son of Rev J Nallathampy and Mrs. Annamma Nallathampy was born on May 2nd 1919. He retired from service as Assistant Engineer PWD, Kerala after 34 years of service. His wife Mrs. J Chellamma who was supportive and inspiration for him retired as Under Secretary to Government of Kerala.



N.Yohannan Memorial H.M.S(CSI) CHURCH, PALELI will be dedicated by Most Rev. A. Dharmaraj Rasalam Bishop, South Kerala Diocese (C.S.I) On Sunday 5th August 2012.

He served as deacon of Mateer Memorial Church continuously for a period of 41 years until he was called to eternal rest. One of his remarkable contributions to MM Church was the formation of Gospel band in 1973.

He was actively engaged in visiting the bereaved families, visiting churches far and near, helping the poor and needy and praying for the sick. The mission fields at Etturnagaram, Andhra Pradesh and Fazimal at Odisha of South Kerala Diocese was initiated when he was the Convener of Committee on Missions (1980 – 1986). The Etturnagaram, is the first mission field of S K Diocese. He was the President of Home Missionary Society, South Kerala Diocese for about 20 years till God called him to eternal rest. He played a vital role in the formation of many HMS churches to the Glory of GOD.



Mrs. Chellamma Yohannan Memorial HMS (CSI) Church, Kallikadu was dedicated on15th July 2007.

*In ever loving memory of*



*Mr. N. Yohannan & Mrs. Chellamma Yohannan*

*Died on: 05.08.2006* *Died on 31.12.2002*

*"Trust in Him at all times; ye people, pour out your heart before Him: God is a refuge for us. Selah." Psalms 62:8*

By : Children and Grandchildren

GRACE PRINTERS ; ✆ 2540523